**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652** **07-07-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങളിലെ തകരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ 2022 മെയ് 24 മുതൽ 8 ദിവസം തുടർച്ചയായി പ്രവർത്തനരഹിതമായതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഓൺലൈനായി നൽകി വരുന്ന സേവനങ്ങൾക്ക് മെയ് 24 മുതൽ 8 ദിവസം ഭാഗികമായി തടസ്സം നേരിട്ടിരുന്നു. ആപ്ലിക്കേഷൻ സെർവറുകളിൽ ഒരെണ്ണത്തിൽ ഉയർന്ന ലോഡ് വന്നതാണ് സേവനം ഭാഗികമായി തടസ്സപ്പെട്ടതിന് കാരണമെന്ന് കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ദിവസങ്ങളിലെ നികുതി വരവ് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് എത്ര കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ദിവസങ്ങളിലെ നികുതി വരവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടില്ല. ഇവ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| തീയതി | റവന്യൂ കളക്ഷൻ | തീയതി | റവന്യൂ കളക്ഷൻ |
|---|---|---|---|
| 24/05/2021 | 25,025 | 24/05/2022 | 11.32 കോടി |
| 25/05/2021 | 5,73,165 | 25/05/2022 | 21.32 കോടി |
| 26/05/2021 | 13,595 | 26/05/2022 | 18.01 കോടി |
| 27/05/2021 | 14,895 | 27/05/2022 | 17.85 കോടി |
| 28/05/2021 | 0 | 28/05/2022 | 12.59 കോടി |
| 29/05/2021 | 0 | 29/05/2022 | 0 |
| 30/05/2021 | 0 | 30/05/2022 | 20.41 കോടി |
| 31/05/2021 | 0 | 31/05/2022 | 8.85 കോടി |

| | | | |
|---|---|---|---|
| (സി) | വർഷാവർഷം കോടിക്കണക്കിനു രൂപ വെബ്സൈറ്റ് മെയിന്റനൻസിനായി ചെലവഴിച്ചിട്ടും അടിക്കടി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് തകരാറിലാകുന്നതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെന്ന് വിശദീകരിക്കുമോ; | (സി) | വെബ് സൈറ്റ് മെയിന്റനൻസിനായി തുക ചെലവഴിച്ചിട്ടില്ല വെബ് സൈറ്റ് തരാറിലാകുന്ന കാരണം കണ്ടെത്തുന്നതിനായി കേരള സംസ്ഥാന ഐ.റ്റി.മിഷൻ, NIC, KELTRON എന്നീ ഏജൻസികളുടെ സംയുക്ത യോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആപ്ലിക്കേഷൻ സെർവറുകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഒരു സർവ്വറിൽ അസാധാരണമായ ലോഡ അനുഭവപ്പെടുകയും ഇത് നിയന്ത്രിക്കുന്നതിനായി 'Max Clients' 500 ൽ നിന്നും 200 ആയി കുറയുകയും 'Open file Limit' 1024 ൽ നിന്നും 102400 ആയി വർദ്ധിപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. ഇതിന് ശേഷം സർവ്വറുകളുടെ കാര്യക്ഷമത വർദ്ധിച്ചുവെന്ന് കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ അറിയിച്ചിട്ടുണ്ട്. |
| (ഡി) | വെബ്സൈറ്റ് തകരാറിലാകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അഴിമതിയുണ്ടോ എന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണവും പ്രസ്തുത തകരാർ സർക്കാർ സംവിധാനങ്ങളെ അട്ടിമറിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണോ എന്നത് സംബന്ധിച്ച് സൈബർ സെൽ അന്വേഷണവും നടത്തുമോ; വ്യക്തമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ